**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2400** **12-02-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തീർപ്പാക്കാനുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | വിവിധ സേവനങ്ങൾക്കായി ജനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നൽകിയ അപേക്ഷകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ അപേക്ഷകൾ സീനിയോരിറ്റി പ്രകാരം സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തീർപ്പാക്കാത്ത അപേക്ഷകളിന്മേൽ അടിയന്തിരമായി സീനിയോരിറ്റി പ്രകാരം തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | വിവിധ സേവനങ്ങൾക്കായി നൽകുന്ന അപേക്ഷകൾ നിലവിൽ സീനിയോരിറ്റി പ്രകാരമാണോ പരിഗണിക്കുന്നത്; നിലവിൽ എത്ര അപേക്ഷകളാണ് തീർപ്പാക്കാനുള്ളതെന്ന് വിശദമാക്കാമോ; | (ബി) | അതെ. നിലവിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലാകെ 306023 അപേക്ഷകൾ തീർപ്പാക്കാനായുണ്ട്. |
| (സി) | തദ്ദേശ സ്ഥാപനങ്ങളിൽനിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾക്ക് സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വിവിധ സേവനങ്ങൾക്ക് സമയ പരിധി നിശ്ചയിച്ച് ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ഉണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽനിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾക്ക് സമയ പരിധി നിശ്ചയിച്ചിട്ടുള്ളതും അപേക്ഷകൾ സീനിയോരിറ്റി പ്രകാരം തീർപ്പാക്കുകയും ചെയ്ത് വരുന്നു. |

സെക്ഷൻ ഓഫീസർ